പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3376 25-06-12 ൽ മറുപടിക്ക്

ബെനവലന്റ് ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ..........മാൻ (ശ്രീ): | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഏതൊക്കെ ആശുപത്രികളിൽ ഏതൊക്കെ അസുഖത്തിന് ചികിത്സ നേടുന്നവർക്കാണ് സഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ്, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, പരിയാരം മെഡിക്കൽ കോളേജ്, എറണാകുളം, സഹകരണ ആശുപത്രി എന്നീ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ക്യാൻസർ, ഹൃദ് രോഗം, വൃക്ക സംബന്ധമായ അസുഖം, തലച്ചോർ,കരൾ എന്നിവയുടെ ശസ്ത്രക്രിയ, ഹീമോഫീലിയ എന്നീ രോഗങ്ങൾക്കും സാന്ത്വന ചികിത്സയ്ക്കുമാണ് ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാകുന്നത്. |
| (ബി) കാസർഗോഡ് ജില്ലയിലുള്ളവർ മെഡിക്കൽ കോളേജ് സൗകര്യമില്ലാത്തതിനാൽ അടുത്തുള്ള കർണ്ണാടക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെയാണ് മാരകമായ രോഗങ്ങൾക്കുള്ള ചികിത്സക്കായി ആശ്രയിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (ബി)യും (സി)യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ചികിത്സാ സഹായ ഫണ്ട് ജില്ലയിലുള്ളവർക്ക് പരിമിതമായേ ലഭിക്കാൻ സാധ്യതയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തെ പ്രധാന മെഡിക്കൽ കോളേജുകളിൽ ചികിൽസ തേടുന്നവർക്കു കൂടി മേൽ സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ